"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് – കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ഏറ്റെടുത്ത എസ്.ആർ. മെഡിക്കൽ കോളേജിന്റെ മെഡിക്കൽ ഉപകരണങ്ങളുടെ വാടക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.72/2026/DMD തീയതി,തിരുവനന്തപുരം, 06-02-2026

പരാമർശം:-

1. സ.ഉ.(സാധാ) നം.815/2024/DMD തീയതി 24.10.2024
2. തിരുവനന്തപുരം ജില്ലാകളക്ടറുടെ 20.01.2026 തിയതിയിലെ DCTVM/6667/2024-H1 നം. കത്ത്
3. ബഹു. കേരള ഹൈക്കോടതിയുടെ WP(C) No.6653/2023 ലെ 26.03.2024, 01.08.2025 തീയതികളിലെ വിധികൾ
4. ബഹു. കേരള ഹൈക്കോടതിയുടെ 28.11.2025 തിയതിയിലെ IA No.5/2025 WP(C) No.6653/2023 ഇടക്കാല ഉത്തരവ്
5. ബഹു. കേരള ഹൈക്കോടതിയുടെ 15.01.2026 ലെ Contempt Case (C) No.2703/2025 ഉത്തരവ്

**ഉത്തരവ്**

കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി, ദുരന്ത നിവാരണ നിയമം, 2005 പ്രകാരം എസ്.ആർ. മെഡിക്കൽ കോളേജ് & ഹോസ്പിറ്റൽ, വർക്കല എന്ന സ്ഥാപനത്തിന്റെ കെട്ടിടങ്ങളും മെഡിക്കൽ ഉപകരണങ്ങളും IQC / CFLTC / CSLTC ആയി തിരുവനന്തപുരം ജില്ലാ ഭരണകൂടം ഏറ്റെടുത്തിരുന്നു.

2) പ്രസ്തുത ഏറ്റെടുക്കലുമായി ബന്ധപ്പെട്ട്, കെട്ടിടങ്ങളുടെ വാടക ഇനത്തിലുള്ള നഷ്ടപരിഹാരം ബഹു. കേരള ഹൈക്കോടതിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിക്കുകയും, പരാമർശം(1) പ്രകാരം ₹1,06,19,881/- രൂപ 2245-02-101-94-01 – F (Other Items) എന്ന ശീർഷകത്തിൽ നിന്ന് അനുവദിക്കുകയും ചെയ്തിരുന്നു.

3) തുടർന്ന്, മെഡിക്കൽ ഉപകരണങ്ങളുടെ വാടക സംബന്ധിച്ച ആവശ്യം നിലനിൽക്കുന്നതായി ചൂണ്ടിക്കാട്ടി എസ്.ആർ. എഡ്യൂക്കേഷണൽ & ചാരിറ്റബിൾ ട്രസ്റ്റ് ബഹു. കേരള ഹൈക്കോടതിയെ സമീപിക്കുകയും പരാമർശം(3) പ്രകാരം മെഡിക്കൽ ഉപകരണങ്ങൾക്കുള്ള വാടക നിർണ്ണയിച്ച് നൽകേണ്ടതാണെന്ന് കോടതി വ്യക്തമാക്കുകയും

ചെയ്തു.

4) മെഡിക്കൽ ഉപകരണങ്ങളുടെ വാടക നിശ്ചയിക്കുന്നതിന് പരാമർശം(4) പ്രകാരം ജില്ലാ ഭരണകൂടം നടപടികൾ സ്വീകരിക്കുകയും, തിരുവനന്തപുരം ജില്ലാകളക്ടർ മെഡിക്കൽ ഉപകരണങ്ങളുടെ വാടകയായി ₹25,26,814/- (ഇരുപത്തഞ്ച് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി പതിനാല് രൂപ മാത്രം) ആയി തുക നിശ്ചയിക്കുകയും ടി തുക അനുവദിക്കുന്നതിനായി നടപടി സ്വീകരിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ പരാമർശം(2) പ്രകാരം ആവശ്യപ്പെടുകയും ചെയ്തിരുന്നു.

5) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ്-19 പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ഏറ്റെടുത്തിരുന്ന എസ്.ആർ. മെഡിക്കൽ കോളേജ് & ഹോസ്പിറ്റൽ, വർക്കല എന്ന സ്ഥാപനത്തിന്റെ മെഡിക്കൽ ഉപകരണങ്ങളുടെ വാടക തുക അനുവദിക്കുന്നതിന് ₹25,26,814/- (ഇരുപത്തഞ്ച് ലക്ഷത്തി ഇരുപത്തിയാറായിരത്തി എണ്ണൂറ്റി പതിനാല് രൂപ മാത്രം) സംസ്ഥാന ദുരന്ത പ്രതികരണ നിധിയുടെ 2245-02-101-94 – F (Other Items) എന്ന ശീർഷകത്തിൽ നിന്ന് തിരുവനന്തപുരം ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

6) നടപ്പ് സാമ്പത്തിക വർഷത്തിലെ ബജറ്റ് പ്രൊവിഷനിൽ നിന്ന് ഈ തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതും വിനിയോഗ സർട്ടിഫിക്കറ്റ് സർക്കാരിലേയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

**(ഗവർണറുടെ ഉത്തരവിൻ പ്രകാരം)**
BINDU C VARGHESE
**അഡിഷണൽ സെക്രട്ടറി**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
അഡ്വക്കേറ്റ് ജനറൽ എറണാകുളം ( ആമുഖ കത്ത് സഹിതം )
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്
മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

Signed by Vincent U
Date: 07-02-2026 11:18:00
**സെക്ഷൻ ഓഫീസർ**